"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്-കൈരളി ടി.വി-സംസ്ഥാന ടൂറിസം വകുപ്പിന്റെ പ്രധാന ടൂറിസം പദ്ധതികളുടെ പരസ്യ ചിത്രം-ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.321/2025/TSM തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-
1. മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് ജനറൽ മാനേജർ സമർപ്പിച്ച തിയതി രേഖപ്പെടുത്താത്ത അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **07.04.2025** തീയതിയിലെ **DOT/890//2025-M1** നം കത്ത്.

**ഉത്തരവ്**

സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ പ്രധാന പദ്ധതികളുടെ പരസ്യ ചിത്രം കൈരളി ടി.വി-യിൽ സംപ്രേഷണം ചെയ്യുന്നതിലേയ്ക്കായി **50000** രൂപ+**GST** അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മലയാളം കമ്മ്യൂണിക്കേഷൻസ്ലിമിറ്റഡ് ജനറൽ മാനേജർ പരാമർശം**(1)** പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം **(2)** പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ടൂറിസം മേഖലയ്ക്ക് കൂടുതൽ പ്രചരണം നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി വിനോദസഞ്ചാരികളെ ആകർഷിക്കും വിധം സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ പ്രധാന പദ്ധതികളുടെ പരസ്യ ചിത്രം കൈരളി ടി വി-യിൽ സംപ്രേഷണം ചെയ്യുന്നതിലേക്കായി മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിന് **3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും **₹50,000/- (അൻപതിനായിരം രൂപ മാത്രം)** ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3,** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം മലയാളം

കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് ജനറൽ മാനേജർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജനറൽ മാനേജർ, മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 04-06-2025 09:52:01
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്